## യാത്രാ ബത്ത വേതനത്തിന്റെ ഭാഗമല്ല: വിഹിതമടയ്ക്കണമെന്ന ഉത്തരവ് റദ്ദാക്കി

### മദ്രാസ് ഹൈക്കോടതി

C.M.A. No. 2289/2013 Dt. 29.11.2018

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്
കോർപ്പറേഷൻ
X
ലക്ഷ്മി മിൽസ് കമ്പനി ലിമിറ്റഡ്

ഇ.എസ്.ഐ. നിയമം ബാധകമായ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് കൺവെയൻസ് അലവൻസ് എന്ന പേരിൽ നിശ്ചിത സംഖ്യ വേതനത്തോടൊപ്പം നല്കിയിരുന്നു. താമസ സ്ഥലത്തു നിന്ന് ജോലി സ്ഥലത്തേക്ക് വരുന്നതിനും പോകുന്നതിനുമുള്ള യാത്രാ ചെലവിലേക്കായാണ് സ്ഥാപനം അപ്രകാരം തൊഴിലാളികൾക്ക് പണം നല്കി വരുന്നത്. എന്നാൽ, ഇ.എസ്.ഐ. വിഹിതം കണക്കാക്കുന്നതിന് പ്രസ്തുത തുക വേതനത്തിന്റെ ഭാഗമായി പരിഗണിച്ചിരുന്നില്ല. അപ്രകാരമിരിക്കെ ഇ.എസ്.ഐ. അധികൃതർ സ്ഥാപനത്തിൽ പരിശോധന നടത്തുകയും വിഹിതം നിർണ്ണയിക്കുന്നതിന് അടിസ്ഥാനമായ വേതനത്തിൽ യാത്രാ ബത്ത ഉൾപ്പെടുത്തിയിട്ടില്ല എന്ന് കാണുകയുണ്ടായി. വിഹിതം കണക്കാക്കുമ്പോൾ വേതനത്തിന്റെ കൂടെ യാത്രാ ബത്തയും ഉൾപ്പെടുത്തണമെന്ന് അധികൃതർ മേനേജ്മെന്റിന് നിർദ്ദേശം നല്കി. പിന്നീട് ഇ.എസ്.ഐ. അധികൃതർ മേനേജ്മെന്റിന് കാരണം-കാണിക്കൽ നോട്ടീസ് നല്കി. ഒരു വർഷം അഞ്ച് ലക്ഷത്തോളം രൂപ തൊഴിലാളികൾക്ക് യാത്രാ ബത്തയായി നല്കിയിട്ടുള്ളതിനാൽ 31,035 രൂപ വിഹിതമായി അടയ്ക്കാൻ സ്ഥാപനം ബാധ്യസ്ഥമാണെന്നാണ് നോട്ടീസിൽ സൂചിപ്പിച്ചത്. തുടർന്ന് സ്ഥാപനം നല്കിയ വിശദീകരണം ഇ.എസ്.ഐ. അധികൃതർ തള്ളിക്കളയുകയും മുകളിൽ സൂചിപ്പിച്ച സംഖ്യ വിഹിതമായി അടയ്ക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. ഇതിനെതിരെ മേനേജ്മെന്റ് എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. തൊഴിലാളികളുടെ യാത്രാ ചെലവിലേക്കായി നല്കിയ കൺവെയൻസ് അലവൻസ് വേതനത്തിന്റെ ഭാഗമല്ലാത്തതിനാൽ വിഹിതം നിർണ്ണയിക്കുമ്പോൾ അത് വേതനത്തിന്റെ കൂടെ ചേർക്കുന്നത് നിയമാനുസൃതമല്ലെന്ന് വിലയിരുത്തിയ എംപ്ലോയീസ് ഇൻഷുറൻസ് കോടതി ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവ് റദ്ദാക്കി. ഇതിനെതിരെ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. സ്ഥാപനം തൊഴിലാളികൾക്ക് സൗജന്യമായി വാഹന സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുന്നത് വേതനത്തിന്റെ ഭാഗമായി കണക്കാക്കില്ലെങ്കിലും യാത്രാ ബത്ത പണമായി നല്കുന്നത് വേതനത്തിന്റെ ഭാഗമായി കണക്കാക്കേണ്ടതാണെന്ന് കോർപ്പറേഷൻ വാദിച്ചു. യാത്രാ ചെലവിനായി കൺവെയൻസ് അലവൻസ് നല്കുന്നതും സൗജന്യ യാത്രാ സൗകര്യം നല്കുന്നതും വ്യത്യസ്തമല്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ഏതു തരത്തിൽ നല്കിയാലും യാത്രാ ബത്ത 'വേതനം' എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. എംപ്ലോയീസ് ഇൻഷുറൻസ് കോടതിയുടെ ഉത്തരവ് ശരിവച്ച ഹൈക്കോടതി എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷന്റെ അപ്പീൽ തള്ളിക്കളഞ്ഞു.